# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/220/2016 **പത്രക്കുറിപ്പ്** 2016 ഒക്ടോബർ 15

## മൂന്നാം വർഷ ബി.എസ്.സി നഴ്സിങ് പരീക്ഷാ കേന്ദ്രം

മൂന്നാം വർഷ ബി.എസ്.സി നഴ്സിങ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 17ന് ആരംഭിക്കും. കോതമംഗലം മാർ ബസേലിയോസ് കോളജ് ഓഫ് നഴ്സിങ്, പള്ളുരുത്തി സിമെറ്റ് കോളജ് ഓഫ് നഴ്സിങ് എന്നീ കേന്ദ്രങ്ങൾ പരീക്ഷയ്ക്ക് തെരഞ്ഞെടുത്തവർ മണിമലക്കുന്ന് ഐ.എൻ.ഇ യിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം. പരുമല സെന്റ് ഗ്രിഗോറിയോസ് കോളജ് ഓഫ് നഴ്സിങ്, പത്തനംതിട്ട എം.ജി.എം എം.എം.സി കോളജ് ഓഫ് നഴ്സിങ് എന്നീ കേന്ദ്രങ്ങൾ പരീക്ഷയ്ക്ക് തെരഞ്ഞെടുത്തവർ പത്തനംതിട്ട ഐ.എൻ.ഇ യിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ അതത് കോളജുകളിൽ വച്ച് ഒക്ടോബർ 20, 21 തീയതികളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പ്രോജക്ട്/വൈവാ മാർക്കുകൾ എത്തിക്കണം

2016 സെപ്തംബർ/ഒക്ടോബർ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം.ടെക് പരീക്ഷയുടെ പ്രോജക്ട്/വൈവാ മാർക്കുകൾ ബന്ധപ്പെട്ട ചെയർമാൻമാർ ഒക്ടോബർ 20ന് മുൻപായി സർവ്വകലാശാലയിൽ എത്തിക്കണം. ഫോൺ 0481–2733607.

## ഉത്തരക്കടലാസുകൾ കൈപ്പറ്റണം

2016 ജൂൺ മാസം നടത്തിയ നാലാം സെമസ്റ്റർ എം.എ സിറിയക്/പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേർണലിസം/സിനിമ ആന്റ് ടെലിവിഷൻ, എം.എസ്.സി മൈക്രോബയോളജി/ബയോകെമിസ്ട്രി/ആക്ച്യൂരിയൽ സയൻസ്/ബയോടെക്നോളജി എന്നീ ബിരുദാനന്തര ബിരുദ കോഴ്സുകളുടെ മൂല്യനിർണ്ണയത്തിനായി നിയമിച്ചിരിക്കുന്ന അദ്ധ്യാപകർക്ക് ഉത്തരക്കടലാസ് അതാത് കോളജ് പ്രിൻസിപ്പൽ മുഖാന്തരം നൽകുന്നതാണ്. മൂല്യനിർണ്ണയം പൂർത്തീകരിച്ച് ഒക്ടോബർ 24ന് തിരികെ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് സെക്ഷൻ ഇ.എച്ച്.–15, ഫോൺ 0481–2733619.

## എം.ജിയിൽ സി.എച്ച് അനുസ്മരണം

എം.ജി സർവ്വകലാശാല സി.എച്ച്. മുഹമ്മദ് കോയ ചെയറിന്റെ ആഭിമുഖ്യത്തിൽ സി.എച്ച്.–ന്റെ ഓർമ്മയിൽ ഒരു സംഗമം എന്ന പരിപാടി ഒക്ടോബർ 17ന് ഉച്ചയ്ക്ക് 2മണിക്ക് സർവ്വകലാശാല കാമ്പസിലെ എട്ട്കെട്ട് ഹാളിൽ വച്ച് നടത്തും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിൽ പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ അദ്ധ്യക്ഷത വഹിക്കും. ടി.ടി.ഇസ്മായിൽ (പി.എസ്.സി അംഗം), സിൻഡിക്കേറ്റംഗം കെ. ഷറഫുദ്ദീൻ, പ്രൊഫ. സി.ഐ.അബ്ദുൾ റഹ്മാൻ, ഡി.സി.രവി, പ്രൊഫ. കെ.എം.സീതി, പ്രൊഫ. സി.എച്ച്.അബ്ദുൾ ലത്തീഫ്, പി.കെ. ഫിറോസ് എന്നിവർ പങ്കെടുക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)